(ബി) റണ്ണിംഗ് ടൈം കുറച്ച ഈ ബസ്സുകൾക്ക് ട്രിപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ടോ;

(സി) റണ്ണിംഗ് ടൈം കുറച്ച് ട്രിപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചതിന്റെ ഫലമായി തിരക്കേറിയ തലസ്ഥാന നഗരിയിൽ വേഗത കൂട്ടി ബസ്സുകൾ ഓടിക്കുന്നതിനാൽ അപകട സാദ്ധ്യത വർദ്ധിച്ചത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ബസ്സുകളുടെ വേഗത കുറയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) റണ്ണിംഗ് ടൈം കുറച്ചുകൊണ്ട് ട്രിപ്പുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

കാസർഗോഡ് ഡിപ്പോയിൽനിന്നും നിർത്തൽ ചെയ്ത ബസ്സ് സർവ്വീസ് പുനരാരംഭിക്കുവാൻ നടപടി

65 [1373] ശ്രീ. സി. ടി. അഹമ്മദ് അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് കെ. എസ്. ആർ. ടി. സി. ഡിപ്പോയിൽ ഷെഡ്യൂൾ പ്രകാരം എത്ര ബസ്സ് സർവ്വീസാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഷെഡ്യൂൾ പ്രകാരം എത്ര സർവ്വീസ് നിർത്തൽ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) കെ. എസ്. ആർ. ടി. സി. ഡിപ്പോയോടനുബന്ധിച്ചുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ പണി എന്നേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത ഡിപ്പോയുടെ വികസനത്തിന് പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്നും നിർത്തൽ ചെയ്ത ബസ്സ് സർവ്വീസ് എന്നേയ്ക്ക് പുനരാരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 80 സർവ്വീസുകൾ.

(ബി) ഒരു സർവ്വീസുപോലും നിർത്തൽ ചെയ്തിട്ടില്ല.

(സി) കെട്ടിടനിർമ്മാണത്തിനാവശ്യമായ അനുവാദം മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിച്ചാലുടൻതന്നെ പണി ആരംഭിക്കുന്നതാണ്.

(ഡി) ഡിപ്പോയുടെ വികസനത്തിന് പുതിയ പരിപാടികൾ ഒന്നുംതന്നെ പരിഗണനയിലില്ല. ഇവിടെ ബസ് സർവ്വീസുകൾ ഒന്നുംതന്നെ നിർത്തൽ ചെയ്തിട്ടില്ല.

നാദപുരത്ത് സബ് ആർ. ടി. ഓഫീസ് ആരംഭിക്കാൻ നടപടി

66 [1375] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദപുരത്ത് സബ് ആർ. ടി. ഓഫീസ് അനുവദിക്കണമെന്നുള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്ത് വിവിധ വാഹന രജിസ്ട്രേഷൻ കൂടുതലായി നടക്കുന്ന സ്ഥലങ്ങളിൽ ഒന്നാണ് നാദാപുരം എന്ന പരിഗണന വച്ച് അവിടെ സബ് ആർ. ടി. ഓഫീസ് അനുവദിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലഭിച്ചിട്ടുണ്ട്.

(ബി) 28-3-2003-ൽ സർക്കാരിൽ ലഭിച്ച പ്രസ്തുത വിഷയം സംബന്ധിച്ച നിവേദനത്തിന്റെ പകർപ്പ് 31-3-2003-ൽ അടിയന്തിര റിപ്പോർട്ടിനായി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(സി) പ്രസ്തുത വിഷയം സംബന്ധിച്ച് ട്രാൻസ്പോർട്ട് കമ്മീഷണറുടെ വിശദമായ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതിന്റെ വിവിധ വശങ്ങൾ പരിശോധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് മാത്രമേ ഇക്കാര്യത്തിൻമേൽ തീരുമാനമെടുക്കാനാകൂ.

LIBRARY ARCHIVES Kerala Legislative Assembly